## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5756 — 09.07.2012 - ൽ മറുപടിക്ക്

### കോഴിക്കോട് ജില്ലയിൽ എച്ച്.എസ്.എ. ഫിസിക്കൽ സയൻസിന്റെ തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.കെ.വിജയൻ | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ എച്ച്.എസ്.എ. ഫിസിക്കൽ സയൻസിന്റെ എത്ര സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിലേക്ക് ഇതുവരെയായി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | വികലാംഗ കാറ്റഗറി നിയമനം നടത്തുന്നതിന് എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) സൂപ്പർ ന്യൂമററി തസ്തികയിലുള്ള ഒരു ഒഴിവ് കോഴിക്കോട് ജില്ലയിൽ നിന്നും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തികയിലേക്ക് നിയമനം നടന്നിട്ടില്ല. |
| (ബി) | ഹൈസ്കൂൾ അധ്യാപകരുടെ ഹയർ സെക്കൻഡറി പ്രൊമോഷൻ നടപടിക്രമങ്ങൾ എവിടെവരെയായി എന്ന് വ്യക്തമാക്കാമോ; എത്രയും വേഗം പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | അപേക്ഷ സ്വീകരിച്ച് പരിശോധനാ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനിടയിൽ ഒരു കേസുമായി ബന്ധപ്പെട്ട് സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തിരിക്കുന്നതിനാൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. |
| (സി) | കഴിഞ്ഞ വർഷം ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്ത ചെറുവാടി, നല്ലളം ഗവൺമെന്റ് യു.പി. സ്കൂളുകളിൽ പുതുതായി അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. ചെറുവാടി, നല്ലളം ഹൈസ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.